പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2620 02.04.2013 -ൽ മറുപടിയ്ക്ക്

മാതൃഭാഷ കേരളത്തിലെ സ്കൂളുകളിൽ പാഠ്യ വിഷയമാക്കാൻ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ..എം. ഷാജി | ശ്രീ. പി.കെ. അബ്ദുറബ്ബ് (ബഹു. വിദ്യാഭ്യാസ വകുപ്പു മന്ത്രി ) |
| (എ) മലയാള ഭാഷ കേരളത്തിലെ മുഴുവൻ സ്കൂളുകളിലും പാഠ്യ വിഷയമാക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ; | (എ) 01.09.11 -ലെ സർക്കാർ ഉത്തരവ് നമ്പർ 183/11/പൊ.വി. പ്രകാരം സംസ്ഥാനത്തെ എല്ലാ സർക്കാർ , എയ്ഡഡ്, അൺ എയ്ഡഡ് സ്കൂളുകളിലും മലയാള ഭാഷാപഠനം നിർബന്ധമാക്കിയിട്ടുള്ള - താണ്. പ്രസ്തുത ഉത്തരവിന്റെ തുടർ നടപടികളായി 6-ാം ക്ലാസ്സിനു മുകളിലുള്ള ക്ലാസ്സുകളിലേയ്ക്കുള്ള ബ്രിഡ്ജിംഗ് മെറ്റീരിയൽ തയ്യാറാക്കുന്നതിന് എസ്.സി.ഇ. ആർ.ടി ശില്പശാലകൾ സംഘടിപ്പി - ക്കുകയും പാഠപുസ്തകത്തിന്റെ കരട് കരിക്കുലം കമ്മിറ്റിയിൽ അവതരിപ്പിച്ച് അംഗീകാരം നേടുകയും ഇപ്രകാരം തയ്യാറാക്കിയ പാഠപുസ്തകം എസ്.സി.ഇ. ആർ.ടി യുടെ വെബ് - സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുമുണ്ട്. |
| (ബി) ഇത് കർശനമായി നടപ്പിലാക്കുന്ന-തിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ? | (ബി) 01.09.11 -ലെ സർക്കാർ ഉത്തരവിൽ മലയാള ഭാഷാപഠനം എല്ലാ സ്കൂളുകളിലും |

(..............2)

നിർബന്ധമാക്കിയിട്ടുണ്ടെങ്കിലും
കേന്ദ്രീയ വിദ്യാലയങ്ങൾ
ഐ.സി.എസ്.ഇ, സി.ബി.എസ്.ഇ
സിലബസ് പിന്തുടരുന്ന സ്കൂളുകൾ
എന്നിവയുടെ പാഠ്യപദ്ധതി
തയ്യാറാക്കുന്നത് എൻ.സി.ഇ.ആർ.ടി
യാണ് എന്നതിനാൽ ടി സ്കൂളുകളുടെ
പാഠ്യപദ്ധതിയിൽ മാറ്റം വരുത്തുവാൻ
കേരള സംസ്ഥാന സർക്കാരിന്
അധികാരമില്ലായെന്ന് ബഹു:
ഹൈക്കോടതിയുടെ ഉത്തരവിൽ
പരാമർശിച്ചിരിക്കുകയാണ്.
(ഡബ്ല്യൂ.പി.സി നം.2435/12/ഡി)
ഇതിനെതിരെ ബഹു: സുപ്രീം
കോടതിയിൽ എസ്.എൽ.പി ഫയൽ
ചെയ്യാനുള്ള നടപടികൾ
സ്വീകരിച്ചിട്ടുണ്ട്. ആയതിനാൽ
01.09.11 -ലെ 183/11/പൊ.വി.
നമ്പർ സർക്കാർ ഉത്തരവിലെ
നിർദ്ദേശങ്ങൾ സംസ്ഥാനത്ത്
പ്രവർത്തിക്കുന്ന കേന്ദ്രീയ
വിദ്യാലയങ്ങളിലും ഐ.സി.എസ്.ഇ,
സി.ബി.എസ്.ഇ സ്കൂളുകളിലും
പൂർണ്ണമായും നടപ്പിലാക്കുവാൻ
കഴിഞ്ഞിട്ടില്ല.

Sindhu

സെക്ഷൻ ഓഫീസർ